ശുപാർശ സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഈ വിഷയത്തിൻമേൽ നടപടി സ്വീകരിക്കുന്നതാണ്.

42 (2190) കശുവണ്ടി കുത്തക സംഭരണത്തിനാവശ്യമായ നടപടികൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. രാജു :
ശ്രീ. യു.എസ്. ശശി :
ശ്രീ. ജോസ് ബേബി :
ശ്രീ. സി.എൻ. ജയദേവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി കുത്തക സംഭരണത്തിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കശുവണ്ടി വികസന കോർപ്പറേഷൻ വിദേശത്ത്നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്തതിലുള്ള അഴിമതികളെക്കുറിച്ചുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കർഷകരുടെകൂടി സഹകരണത്തോടെ കശുവണ്ടി കുത്തക സംഭരണം ഏർപ്പെടുത്തുന്നത് ലക്ഷ്യമാക്കി പലവട്ടം കർഷകരുടെ വിവിധ സംഘടനകളുമായി വകുപ്പുമന്ത്രി തലത്തിൽ ചർച്ചകൾ നടത്തിയെങ്കിലും കർഷക സംഘടനകൾ അനുകൂലമായ നിലപാടല്ല സ്വീകരിച്ചത്. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ മറ്റു നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) കശുവണ്ടി വികസന കോർപ്പറേഷൻ 1997-98 വർഷങ്ങളിൽ നടത്തിയ 2 ഇറക്കുമതികളിൽ തൂക്കകുറവ് ഉണ്ടായതു സംബന്ധിച്ചാണ് ആരോപണം ഉണ്ടായിരുന്നത്. ഇതിൻമേൽ ഗാർഹികാന്വേഷണം നടത്തിയിരുന്നു. ഒന്നാമത്തെ ഇറക്കുമതിയിൽ തൂക്കക്കുറവ്മൂലം സപ്ലെയറിൽ നിന്ന് ബാക്കി ലഭിക്കാനുള്ള 53739 ഡോളർ ലഭിക്കുന്നതിന് ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുള്ളതും ആയത് കോർപ്പറേഷന് അനുകൂലമായി വിധിയായിട്ടുള്ളതുമാണ്. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

രണ്ടാമത്തെ ഇറക്കുമതിയിൽ ലഭിക്കാനുള്ള മുഴുവൻ തുകയും സപ്ലെയറിൽ നിന്നും യൂസർനസ് എൽ.സി. പ്രകാരം വാങ്ങിയ തോട്ടണ്ടിയുടെ വിലയിൽ നിന്നും തട്ടിക്കഴിച്ചതിനുശേഷം സ്പളയർക്ക് വില നൽകിയിട്ടുണ്ട്.

ഇറക്കുമതിയ്ക്ക് വേണ്ടി നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥൻമാരെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് നടത്തിയ അന്വേഷണം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരല്ലെന്ന് കണ്ട് തിരികെ പ്രവേശിപ്പിച്ചിട്ടുള്ളതുമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly